# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4625 — 20/10/2011 ൽ മറുപടിക്ക്

**റേഷൻകടവഴിയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എ) എഫ്.സി.ഐ ഗോഡൗണുകളിൽ എത്തുന്ന റേഷൻ സാധനങ്ങൾ വിതരണയോഗ്യമാണോ-യെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയ റേഷൻ സാധനങ്ങൾ മാത്രമേ എഫ്.സി.ഐയിൽ നിന്നും വിട്ടെടുക്കാവൂ എന്ന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷൻ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുമ്പോൾ വിതരണ യോഗ്യമല്ലാത്ത ഭക്ഷ്യ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ റേഷൻ വ്യാപാരികൾ (എ.ആർ.ഡി) അതിന്റെ വിതരണം നിർത്തി-വയ്ക്കണമെന്നും കർശന നിർദ്ദേശം വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. സപ്ലൈകോ നെൽ കർഷകരിൽ നിന്നും വിലയ്ക്കെടുക്കുന്ന നെല്ല്,മില്ലുകളിൽ കുത്തി ഉൽപ്പാദിപ്പിക്കുന്ന അരി (കസ്റ്റം മിൽഡ് റൈസ്; സി എം ആർ അരി) യുടെ ഗുണമേന്മ പരിശോധിക്കുന്നതിന് സപ്ലൈകോയിലെയും , സിവിൽ സപ്ലൈസ് വകുപ്പിലെയും ഉദ്യോഗസ്ഥന്മാർ ചേർന്ന് ഒരു സംയുക്ത പരിശോധനാ ടീമും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് റേഷൻ കടകൾ വഴി എത്ര പഞ്ചസാരയാണ് വിതരണം ചെയ്തതെന്ന് വെളിപ്പെടുത്താമോ ?

(ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് റേഷൻ കടകൾ വഴി മൊത്തം 11741.5 മെട്രിക് ടൺ പഞ്ചസാര വിതരണം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.